KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 19654

Author: കുഞ്ഞൻ നായർ. പി

Title: ലീലാതിലകത്തിലെ അപപാഠങ്ങളും അബദ്ധങ്ങളും

MA2
Kzi-L

19654

ലീലാതിലകത്തിലെ
അപപാഠങ്ങളും അബദ്ധങ്ങളും.

ലീലാതിലകമെന്ന സാഹിത്യശാസ്ത്രഗ്രന്ഥം കഷ്ടിച്ചു രണ്ടു പന്തീരാണ്ടോളമായി വിദ്വാൽപരീക്ഷയ്ക്കു പാഠ്യപുസ്തകമാണ്. മലയാളം ഓണേർസ് ആരംഭിച്ചതോടുകൂടി അതിലേക്കും അതു് പാഠ്യപുസ്തകമായിത്തീൎന്നിരിക്കുന്നു. എന്നിട്ടും സൎവ്വഥാ ആദരണീയമായ ആ പ്രാചീനഭാഷാശാസ്ത്രഗ്രന്ഥത്തിൻെറ സ്ഥിതി ശോചനീയമായിത്തന്നെ കാണുന്നതു് കഷ്ടത്തിലും കഷ്ടമാണെന്ന് പറയാതെ കഴികയില്ല. വിദ്വാൻ, ഓണേർസ് എന്നീ പരീക്ഷകളിൽ ഉത്തീൎണ്ണന്മാരായവർ പലരും പ്രകൃതശാസ്ത്രഗ്രന്ഥം നിഷ്കൃഷ്ടമായ നിലയിൽ വായിച്ചു വിഷയം പൂൎണ്ണമായി ഗ്രഹിച്ചിട്ടില്ലെന്നുള്ളതു് പരസ്യമായ രഹസ്യവുമാണ്. എന്നാൽ, ആ ന്യൂനത ലീലാതിലകത്തെ സംബന്ധിച്ചേടത്തോളം കേവലം അദ്ധ്യയനരീതിക്കുള്ളതല്ല; ഗ്രന്ഥത്തിന്നും കൂടിയുള്ളതാണെന്നു പറയേണ്ടിയിരിക്കുന്നു. പ്രചാരലുപ്തമായ പ്രാചീനമലയാളഭാഷയിലുള്ള ഉദാഹരണപദ്യങ്ങളെക്കൊണ്ടുതന്നെ ദുർഗ്രഹമായിത്തീൎന്നിരിക്കുന്ന പ്രസ്തുതഗ്രന്ഥം അപപാഠാവലീഢവും അശുദ്ധജടിലവും ആയിരിക്കെ അതിനെ വിശദമായി നിഷ്കൃഷ്ടരീതിയിൽ അദ്ധ്യാപകന്മാരെങ്ങിനെ പഠിപ്പിക്കും? അദ്ധ്യേതാക്കൾ എങ്ങിനെ പഠിക്കും? ആകയാൽ അപപാഠങ്ങളുടെ ശുദ്ധീകരണത്തിന്നു പുറമെ പ്രസ്തുതഗ്രന്ഥത്തിന്ന് ഒരുവ്യാഖ്യാനവും കൂടി അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. അതിലേക്കു സൎവ്വഥാ അർഹന്മാരായ അഭിജ്ഞന്മാർ ഈ വിഷയത്തിൽ ഇനിയും മൌനം ദീക്ഷിക്കുന്നപക്ഷം വിശ്വവിദ്യാലയത്തിൻെറ മലയാളം വകുപ്പിലെ ഒരംഗമായ ഇവനെക്കൊണ്ടു ഭാഷാപ്രണയം യഥാശക്തി വല്ലതും കുത്തിക്കുറിപ്പിക്കുവാൻ അവകാശമുള്ളതിനാൽ ദുൎവ്വഹമായ ആ ഭാരം ശക്തന്മാരായ ആരെങ്കിലും ഏറെറടുത്താൽ കൊള്ളാമെന്നുള്ള ഈയുള്ളവൻെറ ആഗ്രഹം മഹാജനങ്ങളുടെ മുമ്പാകെ ഈ അവസരത്തിൽ സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

'സഹൃദയ' എന്ന മാസികഗ്രന്ഥത്തിൻെറ 1114-ലെ വൃശ്ചികം ലക്കത്തിൽ മഹാകവി, റാവുസാഹിബ്ബ്, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ "ലീലാതിലകത്തിലെ പാട്ട്" എന്ന തലവാചകത്തോടു കൂടി അതിലെ ഒരു ഉദാഹരണമായ "തരതലം താൻ—" എന്ന പാട്ടിനെ പരിശോധിച്ചു ശുദ്ധമാക്കി പ്രദർശിപ്പിച്ചതു്. ഈയുള്ളവനെപ്പോലെ കേരളീയരായ മററു സാഹിത്യപ്രണയികളും സകൌതുകം സമീക്ഷിച്ചിരിക്കാം. എന്നാൽ, അതിലേക്ക് എല്ലാം കൊണ്ടും അർഹനായ അദ്ദേഹം അത്രമാത്രംകൊണ്ടു തൽക്കാലം തൃപ്തിപ്പെട്ടതു് ഒഴിച്ചുകൂടാത്ത കാര്യാന്തരപരമ്പരകളുടെ അതിപാതത്താലല്ലാതെ അപപാഠാന്തരങ്ങളുടെ അഭാവത്താലാണെന്ന് വിചാരിക്കവയ്യ. അനേകം അപപാഠങ്ങൾ പ്രസ്തുതപുസ്തകത്തിൽ സ്ഥലംപിടിച്ചിരിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നതു്. യൂനിവേർസിററി വിദ്യാൎത്ഥികളിൽ ചിലക്ക് ലീലാതിലകത്തിലെ ചിലഭാഗങ്ങൾ പറഞ്ഞുകൊടുക്കുന്ന സമയം അൎത്ഥം ഘടിക്കുമാറു് സന്ദർഭോചിതമായി യഥാശക്തി പല പാഠങ്ങളും എനിക്കു തിരുത്തിശ്ശരിയാക്കേണ്ടതായി വന്നിട്ടുണ്ടു്. അവയെ ഏതാണ്ടു് വിഹഗവീക്ഷണസമ്പ്രദായത്തിൽ സംഗ്രഹിച്ചു വിജ്ഞന്മാരുടെ വിനോദത്തിനും വിദ്യാൎത്ഥികളുടെ വിജ്ഞാനത്തിനുമായി ഈ അവസരത്തിൽ പ്രദശിപ്പിക്കുന്നതു് യുക്തമെന്നു വിചാരിക്കുന്നു. എന്നാൽ, ആ വകയിൽ അധികഭാഗവും ഞാൻ ഊഹിച്ചിട്ടുള്ളതുമാത്രമാകയാൽ സൎവ്വഥാ അനവദ്യമോ അചാല്യമോ ആണെന്ന് എനിക്ക് അഭിപ്രായമില്ലെന്നു കൂടി പറഞ്ഞുകൊള്ളട്ടെ. പരിശോധിച്ചു പാഠസാധുത്വം നിൎണ്ണയിക്കുന്നതിലേക്കു ലീലാതിലകത്തിൻെറ ശുദ്ധമായ ഒരുപ്രതി കണ്ടുകിട്ടുന്നകാര്യം തന്നെ പ്രയാസമാണെന്നു ഗ്രന്ഥഗവേഷണപ്രണയികൾക്കു പരക്കെ അറിയാവുന്നതാണല്ലോ. ഇവിടത്തെ മാനുസ്ക്രിപ്ട്സ് ലൈബ്രറിയിൽ (Manuscripts library) ഒരു പകൎപ്പുള്ളതു് അച്ചടിച്ച പുസ്തകത്തേക്കാളും അശുദ്ധമായിട്ടാണ് കാണുന്നതു്. എങ്കിലും സ്വല്പം ചില പാഠങ്ങൾ അച്ചടിപ്പുസ്തകത്തിലേതിലും യുക്തതരമല്ലെന്നുമില്ല. ആ വക പാഠങ്ങളെ യഥാവസരം അവിടവിടെ നിർദ്ദേശിക്കയും ചെയ്യാം.

ലീലാതിലകം പരിഭാഷയിൽ പരിഭാഷകൻെറ മംഗളശ്ലോകമായ "വിഷ്ണോരെണ്ണും കുമരികൾ—" എന്ന പദ്യത്തിൽ 1092-ലേയും

1105-ലേയും പതിപ്പുകളിൽ ഒരുപോലെ കാണുന്ന 'കമരികൾ' എന്ന പദം അശുദ്ധമാകുന്നു. ഒരുതരം പുല്ലിനെയാണ് 'കമരി' എന്നു പറയുക. അതു് ഇവിടെ ഘടിക്കയില്ലല്ലോ. അതുകൊണ്ടു ശുദ്ധമായ പാഠം 'കുമരികൾ' എന്നായിരിക്കണം. 'കുമരി' എന്ന പദം 'കുമാരി' യുടെ തദ്ഭവമാണെങ്കിലും തമിഴിലും പ്രാചീനമലയാളത്തിലും മററും 'തരുണി' എന്ന അൎത്ഥത്തിൽ പ്രയോഗിക്കുക പതിവുണ്ടു്. അതിനാൽ 'കുമരി' കമരിയായതു് അച്ചടിപ്പിശാചിന്റെ പ്രഭാവത്താലായിരിക്കാം.

മൂലം, ഭാഗം 1. പരിഭാഷ, ഭാഗം 1.

"അനിയതാലങ്കാരസംസ്പൎശേന ച സമ്പദ്യതേ" എന്നതിന്നു പകരം ഇവിടത്തെ മാനുസ്ക്രിപ്ട്സ് ലൈബ്രറി (Manuscripts library) യിലെ പകൎപ്പിൽക്കാണുന്ന പാഠം "അനിയതാലങ്കാരരസസംസ്പൎശേന ച സമ്പദ്യതേ" എന്നാണു്. അതു് അച്ചടിച്ച പുസ്തകത്തിലേതിലും യുക്തതരമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. യുക്തതരമായ ലൈബ്രറിപ്പകൎപ്പിലെ പാഠത്തിന്നു് അനുഗുണമായി പരിഭാഷയും മാറേറണ്ടതാണെന്നു പ്രത്യേകിച്ചു പറയേണമെന്നില്ലല്ലോ.

മൂലം, ഭാഗം 4.

"അച്ഛൻ, തള്ള ഇത്യാദയഃ കുടനാട്ടുഭാഷാശ്ച സന്തീതി കിന്നോച്യതേ" എന്ന മൂലപംക്തിക്കു രണ്ടു പതിപ്പിലും പരിഭാഷയില്ല.

"കിഞ്ച കേരളഭാഷായാമേവ താവച്ചോളകൎണ്ണാടാന്ധ്രാദിഭാഷാസ്സന്തീതി കിന്നോച്യതേ" എന്നതിൽ "കിന്നോച്യതേ" എന്നതു് അപപാഠമാണു്. "കിമുച്യതേ" എന്നാണു് വേണ്ടതു്. കേരളഭാഷയിൽ ചോളകൎണ്ണാടാന്ധ്രകുടകുഭാഷകൾ കാണുന്നതാണെന്നു മുമ്പു പറഞ്ഞിരിക്കയാൽ 'കിന്നോച്യതേ' എന്ന ചോദ്യം പ്രകരണവിരുദ്ധമാണു്. ഇപ്രകാരം പൂൎവ്വഗ്രന്ഥത്തിന്നു മാത്രമല്ല, "കൎണ്ണാടാദിഭാഷായാം തദ്ഭാഷാപ്രബന്ധേപി ചോളഭാഷാസ്സന്തീതിവചനം കിമുപേക്ഷ്യതേ," ഇത്യാദ്യുത്തരഗ്രന്ഥത്തിന്നും വിരുദ്ധമാണു്. അത്രമാത്രമല്ല "സന്തീത്യേവ" എന്നതിലെ 'ഏവ'കാരം അസംബദ്ധമാണെന്നുമാകും.

1105-ൽ പതിപ്പിച്ച പുസ്തകത്തിലെ മൂലത്തിൽ 'കിമുച്യതേ' എന്ന സാധുപാഠം തന്നെ കാണുന്നുണ്ടെങ്കിലും പരിഭാഷമാത്രം നേരേ

മറിച്ച്, 1092-ലെ പതിപ്പിലെപ്പോലെ "എന്തുകൊണ്ടു പ്റഞ്ഞു കൂടാ" എന്നാക്കിയിരിക്കുന്നതു് അത്യന്തം അയുക്തമായിട്ടാണ് പരിണമിച്ചിരിക്കുന്നതു്. മൂലത്തിലെ അപപാഠത്തിന്നു പറഞ്ഞ ന്യൂനതകളൊക്കയും അതിൻെറ പരിഭാഷയ്ക്കും കാണുമെന്നുള്ളതു് അനുക്തസിദ്ധവുമാണല്ലോ.

"കൎണ്ണാടാദിഭാഷായാം തൽപ്രബന്ധേപി ചോളഭാഷാസ്സന്തീതി" എന്നു മുമ്പുദ്ധരിച്ച പംക്തിയിലെ "ചോളഭാഷാഃ" എന്നിടത്തു ചോളാദിഭാഷാഃ എന്നാണ് ലൈബ്രറിപ്പകൎപ്പിലെ പാഠമെന്നും അതാണ് സമീചീനതരമെന്നും കൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു.

മൂലം, ഭാഗം 5. പരിഭാഷാ, ഭാഗം 5-6.

"തർഹി, ആട, മാട, നാട ഇത്യാദയശ്ചോളശബ്ദാഃ കഥം ചോളഭാഷാ ഭവേയുഃ" എന്നതിലെ ആട, മാട, നാട എന്നതു് അപപാഠമാണ്. ഈ പദങ്ങൾ തമിഴരുടെ സംഭാഷണത്തിൽ ഉണ്ടെന്നു സാധാരണക്കാൎക്കുപോലും അറിയാവുന്നതായിരിക്കെ, സാഹിത്യത്തിലല്ലാതെ സംഭാഷണത്തിലില്ലെന്നു ആചാൎയ്യൻ അഭിപ്രായപ്പെടുമോ? അതിനാൽ, സാധുപാഠം 'ആഡൂ, മകഡൂ, നാഡരീ' എന്നായിരിക്കണം. യഥാക്രമം ആൺ, പെൺ, നാവുരി എന്നീ അൎത്ഥത്തിലുള്ള ഈ പദങ്ങൾ തമിഴ് സാഹിത്യത്തിൽ അല്ലാതെ ഇന്നും സംഭാഷണത്തിൽ ഇല്ല. ഈ സ്ഥിതിക്ക് 'ആട, മകൾ, നാൾ എന്നു മൂലത്തെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു ശുദ്ധമേ അബദ്ധമാണല്ലോ. അതുപോലെ "നനു ആട പ്രഭൃതയഃ" ഇത്യാദി മൂലം "ആഡൂ പ്രഭൃതയഃ" എന്നും "ആടമുതലായ—" ഇത്യാദി പരിഭാഷ "ആഡൂ മുതലായ—" എന്നും ആയിരിക്കേണ്ടതുമാണ്.

മൂലം, ഭാഗം 6. പരിഭാഷ, ഭാഗം 7-8.

"വേന്നവാവു, കലിത്തൊകൈ ഇത്യാദി സംജ്ഞാ" എന്ന മൂലഭാഗവും അതിൻെറ പരിഭാഷയും ശരിയല്ല. 'വേന്നവാവു്' എന്നതു അപപാഠമാണ്. അങ്ങിനെ ഒരു വാക്കുതന്നെ തമിഴ് ഭാഷയിലില്ല. ലേഖകൻേറയോ പാഠകൻേറയോ അജ്ഞാനമൂലമായ പ്രമാദത്താൽ 'വെൺപാവു്'തന്നെയാണ് 'വേന്നവാവ'ായി മാറിപ്പോയിരിക്കുന്നതു്. താളിയോലഗ്രന്ഥത്തിലെ ഹ്രസ്വപ്പുള്ളി ദീൎഘപ്പുള്ളിയായും, ൺ, 'ന്ന'

എന്നായും പകാരം വകാരമായും തെററിദ്ധരിക്കാൻ എളുപ്പമുണ്ടല്ലോ. 'വെൺപാവു്' എന്നതിനോടു സഹചരിതമായ പദം "കലിത്തുറ" എന്നായിരിക്കാനാണു് അവകാശം. അതിനാൽ 'കലിത്തൊകൈ' എന്നതും അപപാഠമാണു്. ഇവിടത്തെ പ്പകപ്പിൽ 'വെൺപാവു്' വേന്നവാവായി മാറീട്ടുണ്ടെങ്കിലും ഭാഗ്യത്താൽ 'കലിത്തുറ' മാത്രം വികാരം കൂടാതെ ശുദ്ധമായിത്തന്നെ സ്ഥിതിചെയ്യുന്നുണ്ടു്. 'വെൺ പാവു്', 'കലിത്തുറ' എന്നിവ തമിഴരുടെ വൃത്തസംജ്ഞകളാണെന്നും വൃത്തസംജ്ഞയെക്കൊണ്ടു ഗ്രന്ഥത്തിനു നാമകരണംചെയ്യുക അവരുടെ പതിവാണെന്നും ഈ അവസരത്തിൽ അനുവാചകന്മാരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ പ്രമാദത്തെ പരിഭാഷാകാരൻ കണ്ണടച്ചനുവർത്തിക്കയാണു് ചെയ്തിരിക്കുന്നതു്.

പരിഭാഷ, ഭാഗം 7.

"കർണ്ണാടകഭാഷയോ തെലുങ്കുഭാഷയോ അതിലെ നിഘ(ണ്ഡു?)ണ്ടുകൊണ്ടാണോ നിശ്ചയിക്കുന്നതു്? അതിലും നിഘ(ണ്ഡു?)ണ്ടുവില്ലല്ലോ" എന്ന പ്രസ്താവത്തിലെ 'അതിലും' ഇത്യാദി പരിഭാഷാവാക്യം നിർമ്മൂലമാണു്. കർണ്ണാടകഭാഷയിൽ, അഭിധാനവസ്തുകോശം, കർണ്ണാടകശബ്ദസാരം, കർണ്ണാടകസഞ്ജീവനം മുതലായ നിഘണ്ടുക്കൾ ലീലാതിലകകാലത്തുതന്നെ ഉണ്ടായിരിക്കെ ഇല്ലെന്നു എങ്ങിനെ പറയാം? മൂലകാരൻ അങ്ങിനെ പറഞ്ഞിട്ടുമില്ല. അഭിധാനകോശത്തിൻെറ കാലം ക്രി. പി. 12-ാംനൂററാണ്ടും, കർണ്ണാടകശബ്ദസാരത്തിൻേറയും മററും കാലം 14-ാംനൂററാണ്ടിൻെറ പൂർവ്വാർദ്ധവും ആണെന്നു ചരിത്രകാരന്മാർ തീർച്ചപ്പെടുത്തീട്ടുമുണ്ടു്. ലീലാതിലകത്തിൻെറ കാലം 14-ാംശതകത്തിൻെറ ഉത്തരാർദ്ധമാണല്ലോ. ഇങ്ങിനെയിരിക്കെ നിർമ്മൂലവും അസംഗതവുമായ ആ പരിഭാഷാഭാഗം സ്വീകാര്യമാണോ?

മൂലം, ഭാഗം 7. പരിഭാഷ, ഭാഗം 9.

"തമിഴ്നാട്ടുമൈവേന്തരും വന്താർ" എന്ന മൂലത്തിലേയും പരിഭാഷയിലേയും വാക്യങ്ങളിൽ 'മൈവേന്തരും' എന്നതു അപപാഠമാകുന്നു. 'നാട്ടും' എന്നതിലെ 'ഉം' എന്നതു് അനന്വിതമാകകൊണ്ടു തന്നെ ആ പാഠം അബദ്ധമാണെന്നു തെളിയുന്നുണ്ടു്. 'മൂവേന്തരും' എന്നാകുന്നു സാധുപാഠം. "നനു തമിഴ്നാട്ടുമൈവേന്തരും വന്താർ ഇതി വചനാൽ കേരളാ അപി തമിഴാഃ സ്യുഃ" എന്ന വാക്യത്തിലെ ഗർഹിത

വാക്യമായ 'തമിഴ്നാട്ടുമൈവേന്തരും വന്താർ' എന്നതു ഗ്രന്ഥാന്തരത്തിൽ നിന്നുള്ള അനുവാദമാണെന്നതു സുവ്യക്തമാണ്. പ്രസ്തുത വാക്യം,

*"ഇനൈത്തനവറിന്ത ചിനൈ മുതർ ക്കിളവിക്ക
വിനൈപ്പട തൊകുതിയിനുമ്മൈവേണ്ടും."

എന്ന തൊൽകാപ്പിയസൂത്രത്തിൻെറ വ്യാഖ്യാനത്തിലും മററും ഉദാഹരണമായി കൊടുത്തിട്ടുള്ളതാണ്. അതിലൊക്കയും 'മൂവേന്തരും' എന്നാണുതാനും.

"നേതി ന വക്തവ്യം; അതീവാതിപ്രസംഗാൽ" എന്ന വാക്യത്തിലെ 'അതിപ്രസംഗാൽ' എന്നതും അപപാഠമാകുന്നു. "അസംഗതിപ്രസംഗാൽ" എന്നായാലേ യുക്തമാകൂ. അപ്രകാരം തന്നെയാണ് ഇവിടത്തെ ലൈബ്രറിയിലെ പകൎപ്പിൽ കാണുന്നതും. അതിപ്രസംഗമെന്നതു് അതിവ്യാപ്തിയാണ്. പ്രകൃതത്തിൽ—അതായതു്, ഭാഷാസംസ്കൃതയോഗം മണിപ്രവാളമല്ലെന്നുപറയുന്ന പക്ഷത്തിൽ—അതിവ്യാപ്തിക്കല്ല അവ്യാപ്തിക്കാണ് പ്രസക്തിയെന്നുള്ളതു് സ്പഷ്ടമാണല്ലോ.

മൂലം, ഭാഗം 8.

"മാടത്തിൻ കൺ ഇതി കിമപരോക്ഷിതം" എന്ന വാക്യത്തിൽ 'മാടത്തിൻ കൺ' എന്നതിന്നുശേഷം 'കൂടത്തിൻ കൺ' എന്നു കൂടി ഉണ്ടായിരിക്കണം. എന്നാലേ "മാടത്തിന്മേൽ കൂടത്തിന്മേൽ ഇത്യാദ്യേവ പ്രായോപരോക്ഷിതം" എന്ന വാക്യത്തിൽ 'കൂടത്തിന്മേൽ' എന്ന പദത്തിന്നു പ്രസക്തിയുള്ളൂ.

മൂലം, ഭാഗം 10. പരിഭാഷ, ഭാഗം 14.

"അത്യാതാമ്രേ മലർവിതൊരരക്കാമ്പമേൽ" എന്ന പദത്തിലെ 'അരക്കാമ്പ' എന്ന പാഠം സാധുവല്ല. അരക്കാമ്പൽ എന്നു വേണം. ഇവിടത്തെപ്പകൎപ്പിൽ ശരിയായ പാഠംതന്നെയാണുള്ളതു്. അരക്കാമ്പൽ=ചുകന്ന ആമ്പൽ. ഈ പദ്യം പലസ്ഥലത്തും ആവൎത്തിക്കപ്പെട്ടിട്ടുണ്ടു്. അവിടെയൊക്കയും ഈ അബദ്ധവും ആവൎത്തിക്കപ്പെട്ടിരിക്കുന്നു.

---

* ചൊല്ലധികാരം 38-ാംസൂത്രം.

പരിഭാഷ, ഭാഗം 11.

"ഉണ്ടനർ, നിൻറനർ, ഉണ്ണുവർ, എന്നെല്ലാമോ" എന്ന പരിഭാഷ ശരിയല്ല. "ഉണ്ടനർ, തിൻറനർ, ഉണ്ണാനിൻറവർ, ഉൺപർ എന്നെല്ലാമോ" എന്നായിരിക്കണം. വിണ്ണവർ എന്നും മററും നാമപദമുണ്ടെങ്കിലും 'ഉണ്ണവർ' എന്നൊരു ക്രിയാപദം വരാൻ വഴികാണുന്നില്ല. 'ഉൺപർ' എന്നാണ് വേണ്ടതു്. ഇവിടത്തെ പ്പകപ്പിലെ മൂലപാഠം 'തിൻറനർ' എന്നാണ്. സാഹചര്യം നോക്കിയാൽ അതാണ് ഉചിതം. 'നിൻറനർ' എന്നല്ല.

മൂലം, ഭാഗം 12. പരിഭാഷ, ഭാഗം 16.

പാട്ടിൻെറ ലക്ഷണത്തിൽ "ഏതുകാമോനവൃത്തവിശേഷയുക്തം" എന്നതു സാധുവല്ല. "എതുകമോനവൃത്തവിശേഷയുക്തം" എന്നായിരിക്കണം. ദ്വിതീയാക്ഷരപ്രാസത്തിന്ന് 'എതുകൈ' എന്നും യതിപ്രാസത്തിന്നു 'മോനൈ' എന്നുമാണ് തമിഴ്പേർ. 'എതുക'യിലെ 'അ' കാരം ദീൎഘമാക്കേണ്ടതായ ആവശ്യകതയില്ല. മോനയെ അകാരാന്തമാക്കിയിരിക്കുന്ന സ്ഥിതിക്ക് അതിൻെറ സാഹചര്യത്താൽ എതുകയും അകാരാന്തമായിരിക്കണം; ആകാരാന്തമാക്കുന്നതു യുക്തമല്ല. ഇതിന്നനുഗുണമായി വൃത്തിയിലെ "ഏതുകാ യാ" ഇത്യാദിയും "എതുകോയഃ" എന്നു വേണ്ടതായിരിക്കുന്നു. അല്ലാത്തപക്ഷം എതുകയെപ്പോലെ മോനയും ദീർഘാന്തമായിരിക്കണം.

രണ്ടുപതിപ്പിലേയും മൂലത്തിലും പരിഭാഷയിലും ഉള്ള "തരതലന്താൻ" എന്ന പാട്ടിലെ 'അളന്ത, വിളന്ത, വിരുന്തമൽ (വിരിന്തമൽ), കരമരിന്ത, കരളരിന്ത, പിണിപ്പാപ്പനിന്തവണ്ണം' എന്നീ പദങ്ങൾ ഒക്കെയും അപപാഠങ്ങളാണ്. അവ യഥാക്രമം 'അളന്താ, പിളന്താ, വരുന്താമൽ, കരമരിന്താ, കരളരിന്താ, പിണിപ്പൊൗവനീന്താവണ്ണം' എന്നായിരിക്കണം. എന്നാലേ അൎത്ഥമുള്ളൂ. പാട്ടിൻെറ അൎത്ഥം മഹാകവി ഉള്ളൂർ അവർകൾ 'സഹൃദയ'യിൽ പ്രതിപ്രാദിച്ചിരിക്കുന്നതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. എനിക്ക് അഭിപ്രായവ്യത്യാസമുള്ള ഭാഗം മാത്രം കുറഞ്ഞൊന്നു നിർദ്ദേശിക്കാം.

'വിളന്ത' എന്ന പാഠം ദീൎഘാന്തമാക്കിയാൽ ശുദ്ധമായെന്നും 'പൊന്നൻ' എന്നതു് 'വൊന്നാൻ' എന്നോ 'വൊന്നൻ' എന്നോ ആയിരിക്കണമെന്നും 'കരളരിന്ത' എന്നതിലെ 'അരിന്ത' എന്നതു് 'എരിന്താ' എന്നാവണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതിലും അതു

പോലെ 'പിണിപ്പെരുവം' എന്നതു് അനുസ്വാരാന്തമായി നിർദ്ദേശിച്ചിരിക്കുന്നതിലും മാത്രമാണു് എനിക്കു് അഭിപ്രായവ്യത്യാസമുള്ളതു്. വിളന്ത+ഒന്നാൻ അല്ലെങ്കിൽ ഒന്നൻ എന്നിരിക്കുമ്പോഴും ഒകാരത്തിന്റെ മുമ്പിൽ സന്ധിവശാൽ ആഗമമായി വന്നുചേൎന്നിട്ടുള്ളതാകുന്ന 'വൊന്നാനി'ലെ 'വ' കാരം എന്നാണല്ലോ ഉള്ളൂർ അവർകളുടെ അഭിപ്രായം. പൊന്നാൻ എന്ന പദം പ്രസിദ്ധവും അൎത്ഥഘടന സുശ്ലിഷ്ടവും ആയിരിക്കെ ആ പദം 'ഒന്നാൻ' എന്നോ 'ഒന്നൻ' എന്നോ ആണെന്നു ക്ലേശിച്ചിട്ടു കാൎയ്യമില്ലെന്നാണു് എനിക്കു തോന്നുന്നതു്. അത്രമാത്രമല്ല 'ഒന്നാൻ' എന്നതിന്നോ 'ഒന്നൻ' എന്നതിന്നോ ദ്രാവിഡവൎഗ്ഗത്തിൽപ്പെട്ട ഭാഷകളിൽ ഒന്നുംതന്നെ പ്രസിദ്ധിയോ പ്രചാരമോ ഉള്ളതായിക്കാണുന്നതുമില്ല. പററലർ, കൂടലർ, മരുവലർ എന്നിവയെപ്പോലെ ശത്രുപൎയ്യായമായ 'ഒന്നാർ' എന്ന പദവും ബഹുവചനാന്തമായി മാത്രമേ പ്രയോഗിക്കുക പതിവുള്ളു. അതു ഭാഷാസ്വഭാവമാകയാൽ പൎയ്യനുയോഗാനർഹവുമാണു്. വ്യാകരണവിധിപ്രകാരം സിദ്ധിക്കാവുന്ന പല പദങ്ങളേയും മഹാഭാഷ്യത്തിലും മററും "അഭിധാനാന്ന" എന്നു പറഞ്ഞു നിവാരണം ചെയ്തിരിക്കുന്നതിന്റേയും തത്ത്വം ഇതുതന്നെയാണു്. ബന്ധു എന്നൎത്ഥത്തിൽ കല്പിച്ചു 'ഒൻറിയവൻ' എന്നോ മറേറാ അല്ലാതെ ഒന്നൻ (ഒൻറൻ) എന്നൊരുപദം സൃഷ്ടിക്കയാണെങ്കിൽ അതു സ്വീകാൎയ്യമാവാൻ പ്രയാസമാണു്. അതു് എങ്ങിനെയെങ്കിലും ആകട്ടെ. 'പൊന്നാൻ' എന്ന പദത്തിന്നു അൎത്ഥമില്ലെങ്കിലോ, ആ അൎത്ഥം പ്രകൃതത്തിൽ യോജിക്കുന്നില്ലെങ്കിലോ മാത്രമല്ലേ അപ്രകാരം ക്ലേശിച്ചിട്ടാവശ്യമുള്ളു? ഹിരണ്യകശിപു എന്നൎത്ഥത്തിൽ 'പൊന്നാൻ' എന്ന പദം തമിഴ സാഹിത്യത്തിൽ പ്രസിദ്ധമാണു്. സ്വൎണ്ണത്തിന്റെ പൎയ്യായങ്ങളൊക്കയും 'ഹിരണ്യകശിപു' എന്നൎത്ഥത്തിൽ തമിഴിൽ പ്രയോഗിക്കുക പതിവാകുന്നു.

*"പഞ്ചിമെല്ലടിപ്പിന്നൈത്തിറത്തു മുന്നാം
പായ്വിടൈകളേഴടൎത്തു, പൊന്നൻ പൈമ്പൂൺ
നെഞ്ചിടന്തു കുരുതിയുകയുകിർവേലാണ്ട
നിമ്മലൻ താളണൈകിർപീർ." (പെരിയതിരുമൊഴി 3,4,4.)

* പഞ്ചിപോലെ മൃദുവായ അടികളുള്ള പിന്നയുടേ (സത്യയുടെ) വിഷയത്തിൽ പണ്ടു്, എതിരിടുന്ന ഏഴു വൃഷഭങ്ങളെ അടക്കി, ഹിരണ്യകശിപുവിന്റെ സ്വൎണ്ണാഭരണത്തോടു കൂടിയ മാറപിളൎന്നു രക്തം ചിന്തുമാറു നഖത്തെ വേലാക്കിയ നിമ്മലന്റെ ചരണങ്ങളെ ആശ്രയിക്കുന്നവരേ എന്നു സംബോധനം.

*"ഊററമില്ലവനോടിനൻ കനകനൈയുററാൻ
തോററവന്തതോർകനവുകണ്ടനനെനച്ചൊന്നാൻ."
(കമ്പരാമായണം, യുദ്ധകാണ്ഡം.
ഹിരണിയൻ വതൈപ്പടലം 34.)

ഇത്യാദി പാട്ടുകൾ നോക്കുക. ഈവകയൊക്കയും നല്ലപോലെ അറിയാവുന്ന പണ്ഡിതവര്യനായ ഉള്ളൂർ അവർകൾക്ക് 'പൊന്നാൻ' എന്ന പാഠത്തെ 'വൊന്നാൻ' എന്നു തിരുത്തി ക്ലേശിച്ചർത്ഥം പറയേണ്ടിവന്നതു് അദ്ദേഹം 'വിളന്ത' എന്ന അപപാഠത്തെ വിശ്വസിച്ചുപോയതുകൊണ്ടുമാത്രമായിരിക്കണം. പിളർന്താ (പിളർന്തായ്) എന്നായിരിക്കണം സാധുപാഠം. നീ പിളന്നു എന്നർത്ഥം. തരതലം താൻ അളന്താ=ധരാതലംതന്നെ നീ അളന്നു. പൊന്നാൻതൻ അകത്തൈന്താർ=ഹിരണ്യകശിപുവിൻെറ ഹൃദയം, പിളർന്താ=പിളന്നു, വരുന്താമൽ=പ്രയാസം കൂടാതെ, ബാണൻതന്നെ കരമരിന്താ=ബാണാസുരനെ കൈയ്യരിഞ്ഞു, 'പൊരുന്താനവന്മാരുടെ കരളരിന്താ'=എതിരിടുന്ന അസുരന്മാരുടെ കരൾ അരിഞ്ഞു; എന്നാർത്ഥം. പൊരുതുന്ന ദാനവന്മാരുടെ കരൾ എരിക്കുന്നതിലും അരിയുന്നതിലല്ലേ അർത്ഥത്തിന്നു ചേർച്ച്? അഥവാ 'അരിന്താ' എന്നു മുമ്പു് പ്രയോഗിച്ചിട്ടുള്ള സ്ഥിതിക്കു പിന്നീടുള്ള പ്രയോഗം 'എരിന്താ' എന്നാകുന്നതാണ് ഉചിതം എന്നും വിചാരിച്ചുകൂടെന്നില്ല. അതുകൊണ്ടു് അതിൽ എനിക്കു നിർബ്ബന്ധമില്ല. എന്നാൽ 'പിണിപ്പൌവം' എന്നു തിരുത്തിയതിൽ അനുസ്വാരം പാടില്ല. 'പൌവം' എന്നു തന്നെയാണ് ശബ്ദസ്വരൂപമെങ്കിലും † തമിൾ മുറപ്രകാരം അനുസ്വാരം സന്ധിയിൽ ലോപിക്കുന്നതാണ്. ലോപിപ്പിക്കാത്തപക്ഷം വൃത്തത്തിന്നു ഭംഗം നേരിടുന്നതിനാൽ പാഠത്തിന്നു സാധുത്വം പൂർത്തിപ്പെടുന്നതല്ല. വൃത്തത്തിന്നു് അല്ലെങ്കിലും ന്യൂനതയുണ്ടെന്ന കാര്യം സമ്മതിക്കുന്നു. അതുകൊണ്ടു ആവശ്യമില്ലാതെ വേറെവിധത്തിലും ന്യൂനതയുണ്ടാക്കണമെന്നില്ലല്ലോ. "തരതലന്താൻ—" എന്ന പാട്ടു എൺശീരടിയാശിരിയവിരുത്തത്തിൽ പെട്ടതാകുന്നു. ഓരോ അടിയിലും എട്ടു ശീരുള്ള നാലടിയോടു കൂടിയ വൃത്തവിശേഷമാണ് എൺ

* ശക്തിയില്ലാത്ത അവൻ ഓടി ഹിരണ്യകശിപുവിനെ പ്രാപിച്ചു; സ്പഷ്ടമായി ഒരു സ്വപ്നം കണ്ടുവെന്നു പറഞ്ഞു.

† "മവ്വീരൊററെറാഴിന്തുയീരെപ്പവും" എന്ന നന്നൂൽസൂത്രം നോക്കുക.

ശീരടി ആശിരിയവിരുത്തം. ശീര്, പാ, പാവിനം, (തുറ, താഴിചൈ, വിരുത്തം) എന്നിവയെപ്പററി എൻെറ ആട്ടക്കഥയിൽ പ്രസ്താവിച്ചിരിക്കകൊണ്ടു് ഇവിടെ വീണ്ടും ഉപന്യസിക്കുന്നില്ല. പ്രസ്തുതവൃത്തത്തെ ശീർപിരിച്ചു താഴെ കാണിക്കാം. അടികളുടെ ദൈൎഘ്യം നിമിത്തം യതിയിൽ ഖണ്ഡിച്ചു എട്ടു വരിയായെഴുതുന്നു.

തരതല | ന്താനള | ന്താവിള | ന്താപൊന്നൻ
തനകചെ | ന്താർവരു | ന്താമൽബാ | ണൻ തന്നെ
കരിമരി | ന്താ പൊരു | ന്താനവ | ന്മാരുടേ
കരളരി | ന്താ പുരാ | നേ മുരാ | രീകണാ
ഒരുവര | ന്താ പര | ന്താമമേ | നീ കനി
ന്തുരകചാ | യീപിണി | പ്പൌവനീ | ന്താവണ്ണം
ചിരതര | ന്താം പണി | ന്തേ നയ്യോ | താങ്കെന്നെ
ത്തിരുവന | ന്താപുര | ന്തങ്കമാ | നന്തനേ.

ഇതിലെ ശീരുകളിൽ അടിയിൽ വരയിട്ടിരിക്കുന്നവയൊഴിച്ചു മററുള്ളവയെല്ലാം ഈരശൈച്ചീരുകളാണു്. അടിയിൽ വരഞ്ഞിരിക്കുന്ന ഭാഗങ്ങളെ, "ന്താപൊനൻ", "ണൻതനെ", "ന്താവണം", "ന്തേനയോ", "താങ്കെനെ" എന്നിങ്ങിനെ ശ്ലഥമായി ഉച്ചരിക്കാത്ത പക്ഷം വൃത്തഭംഗം സ്പഷ്ടമാണു്. എന്നാൽ അവയെ മൂവ്വശൈച്ചീരായി ഗണിക്കുന്നതിന്നു മററുള്ള അടികളിലെ അതേസ്ഥാനത്തുള്ള നിബന്ധനം അനുഗുണമല്ലാത്തതുകൊണ്ടു നിവൃത്തിയുമില്ല. ആദ്യത്തെ അടിയിലെ നാലാംശീരും എട്ടാംശീരും മൂവ്വശയായിരിക്കെ, രണ്ടാമത്തെ അടിയിലെ ആ ശീരുകൾ അതായതു് 'ന്മാരുടെ', 'രീകണാ' എന്നിവ ഈരശയായിരിക്കുന്നതു നോക്കുക. കൂടാതെ മൂന്നാമത്തെ അടിയിലെ 'നീകനി' എന്ന നാലാമത്തേയും, നാലാമത്തേ അടിയിലെ 'നന്തനേ' എന്ന എട്ടാമത്തേയും ശീരുകൾ ഈരശൈച്ചീരുകളായിരിക്കുന്നു. ഇതിനെല്ലാം പുറമെ നാലാമത്തെ അടിയിലെ 'ന്തേനയ്യോ' എന്ന മൂന്നാമത്തെ ശീരുമാത്രം മൂവശൈച്ചീരായിരിക്കുന്നു. മററുള്ള അടികളിലൊക്കയും ആ സ്ഥാനത്തുള്ളതു് ഈരശൈച്ചീരുകളാണുതാനും. ആകയാൽ സാധുപാഠപ്രകാരമായാലും അസാധുപാഠപ്രകാരമായാലും അടിയിൽ വരയിട്ട സ്ഥലം ഈരശൈച്ചീരുകളാകുമാറു ഉറപ്പിക്കാതെ ഉച്ചരിച്ചാൽ മാത്രമേ വൃത്തം ശരിയാകൂ എന്നുവരുന്നു. എന്നിരിക്കിലും 'പൌവം'

എന്ന് ആവശ്യമില്ലാതെ അനുസ്വാരംചേൎത്തു വൃത്തത്തിന്നു ന്യൂനത കൂട്ടുന്നതു യുക്തമല്ലെന്നു മാത്രമാണ് എന്റെ അഭിപ്രായം. ഉള്ളൂര വർകൾ പ്രസ്താവിച്ചിരിക്കുന്ന മററുഭാഗങ്ങളോടു ഞാൻ പൂൎണ്ണമായി യോജിക്കുന്നു.

മൂലം, ഭാഗം 13.

"പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ കേരളഭാഷായാം ഭവതി" എന്ന മൂലപംക്തിയിലെ 'പാട്ടിൽ' എന്നതു അപപാഠമാണ്. ഭാഷയിലെ വിഭക്തി (ആധാരിക)യുപയോഗിച്ചു സംസ്കൃത വാക്യം രചിക്കുവാൻ പ്രസക്തിയില്ലല്ലോ. അതുകൊണ്ടു "പാട്ടിതി കേരളഭാഷായാം" എന്നതിനെ പാട്ടിൽ എന്നു തെററിദ്ധരിച്ചതായിരിക്കണം. 'തി' എന്നതു് 'ൽ' എന്നാണെന്നു കൈയെഴുത്തിൽ തെററിദ്ധരിക്കാൻ എളുപ്പമുണ്ടല്ലോ.

പരിഭാഷ, ഭാഗം 17.

"ഈ കാണിച്ച പാട്ടിൽ മിക്കതും സംസൎഗ്ഗംകൊണ്ടു പാണ്ഡ്യഭാഷയോടു തുല്യമായിത്തീൎന്ന കേരളഭാഷയാണ്" എന്ന പരിഭാഷ മൂലാനുരോധിയോ പ്രകൃതാനുസാരിയോ അല്ല ഇതിനെക്കുറിച്ചു മഹാകവി, റാവുസാഹിബ്, ഉള്ളൂരവർകൾ മുൻപറഞ്ഞ ഉപന്യാസത്തിൽ പ്രതിപാദിച്ചിരിക്കയാൽ ഇവിടെ വിവരിക്കുന്നില്ല.

രണ്ടാം ശില്പം.

മൂലം, ഭാഗം 15. പരിഭാഷ, ഭാഗം 21.

"കൺകൊണ്ടിന്ദീവരാണാം—" എന്ന പദ്യത്തിലെ മൂന്നാം പാദത്തിലുള്ള "കൾപ്പിതെന്നിന്നാളിന്ന്യാം" എന്നതു "കൾപ്പിതിന്നിന്നാളിന്ന്യാം" എന്നായാലേ അൎത്ഥം യോജിക്കയുള്ളൂ.

മൂലം, ഭാഗം 17. പരിഭാഷ, ഭാഗം 24.

"നകാരസ്യ ണ കാരത്വം—" എന്ന കാരികയുടെ നാലാംപാദത്തിൽ എല്ലാപതിപ്പുകളിലും മൂലത്തിലും പരിഭാഷയിലും ഒരുപോലെ കാണുന്ന "പാദാദൌ" എന്നതു് അപപാഠമാണ്. "പദാദൌ" എന്നായാലേ സാധുവാകൂ. അല്ലാത്തപക്ഷം പാദത്തിന്റെ ആദിയിലല്ലാത്ത നാണി, നാണു, നഞ്ഞ മുതലായ നകാരാദിപദങ്ങളൊക്കയും ണകാരാദിയായി ഉച്ചരിക്കേണ്ടതാണെന്നു വരും.

മൂലം, ഭാഗം 18.

കണ്ടൻ, ആന, മരം എന്ന വരിയിൽ കണ്ടൻ എന്നതിന്നു ശേഷം 'നഞ്ഞ' എന്ന പദവുംകൂടി ഇവിടെയുള്ള പകൎപ്പിൽ കാണുന്നുണ്ട്. അതു വേണ്ടതാണെ താനും. അച്ചടിച്ച പുസ്തകത്തിലെ മൂലത്തിലും പരിഭാഷയിലും അങ്ങിനെ ഒരുപദം ഇല്ല.

മൂലം, ഭാഗം 20. പരിഭാഷ, ഭാഗം 28.

"വിധിപ്രാൎത്ഥനയോഃ—" എന്ന സൂത്രത്തിൻെറ വൃത്തിയിൽ "ചൊല്‌വോനാക" എന്നതിന്നുശേഷം 'തരുവോനാക' എന്നപദം കൂടി ഇവിടത്തെ പകൎപ്പിൽ ഉള്ളതു് യുക്തമായിട്ടാണ് തോന്നുന്നതു്. ശ്രീമാൻ പിഷാരോടിയുടെ പുസ്തകത്തിൽ മൂലത്തിലോ പരിഭാഷയിലോ അങ്ങിനെ ഒരുപദമില്ല.

പ്രകൃതസൂത്രത്തിൻെറ വൃത്തിയിൽ ഗൌരവമേറിയ വേറെ കുഴപ്പങ്ങളുള്ളതിനെക്കുറിച്ചു കുറെ അധികം എഴുതേണ്ടതായിരിക്കയാൽ തൽക്കാലം അതിലേക്കു പ്രവേശിക്കുന്നില്ല.

മൂന്നാം ശില്പം.

പരിഭാഷ, ഭാഗം 28.

"നപുംസകേ മോദന്തേ" എന്ന സൂത്രത്തിൻെറ പരിഭാഷാ വൃത്തിയിൽ "വളമുതലായതിൽ ലിംഗപ്രത്യയമില്ല" എന്ന വാക്യത്തിലെ 'വള' എന്നതു അപപാഠമാകുന്നു. 'വാൾ, തേൻ' എന്നാണ് മൂലത്തിൽഉള്ളതു്. അതാണ് യുക്തവും.

മൂലം, ഭാഗം 22.

"ഫലി ന വിശേഷഃ" എന്ന സൂത്രത്തിൻെറ വൃത്തിയിൽ ങ, ട, ഞ, ര, ല, ഴ, ള, റ, ഫ എന്ന പരിഗണനം അശുദ്ധമാണ്. 'ഞ' കാരത്തിന്നു പകരം 'ണ' കാരവും 'ഫ' കാരത്തിന്നു പകരം 'ഺ' കാരവുമാണ്. വേണ്ടതു്. അതുപോലെതന്നെയാണ് "അതഃ ക, ച, ണ, ത—" ഇത്യാദി പംക്തിയിലെ സ്ഥിതിയും. അവിടെ 'ഞ' കാരത്തിന്നു പകരം 'ണ' കാരമാണ് വേണ്ടതു്.

മൂലം, ഭാഗം 22. പരിഭാഷ, ഭാഗം 32.

"ലോപോസ്യച" എന്ന സൂത്രത്തിൻെറ വൃത്തിയിൽ "വരികില്ല" എന്നതു് അപപാഠമാണ്. സാധുപാഠം 'വരകില്ല' എന്നായി

രിക്കണം. വരക് + ഇല്ല=വരകില്ല. വരക്=ഒരുതരം മുത്താറി. 'വരിക' എന്നതിൽ സംവൃതോകാരമല്ല 'ഉ' കാരം തന്നെ ഇല്ലെന്നുള്ളതു സ്പഷ്ട മാണല്ലോ.

മൂലം, ഭാഗം 23. പരിഭാഷ, ഭാഗം 34.

"നണയോഃകചഞപമയവേഷുനവികൃതിഃ" എന്ന സൂത്ര ത്തിൻെറ വൃത്തിയിലെ ഉദാഹരണങ്ങൾക്കും കുഴപ്പം കാണുന്നു. മൂല ത്തിലേച്ചിലതു് പരിഭാഷയിലില്ല. പരിഭാഷയിലേച്ചിലതു മൂലത്തില്വ മില്ല. മൂലത്തിലെ, 'മാന്തൺ' എന്നതു് "മാൻ ഞാൺ" എന്നോ മറേറാ ആയിരിക്കണം. 'ത' കാരം സൂത്രത്തിലില്ലാതിരിക്കെ 'ത' കാരപ രകമായ ഉദാഹരണത്തിന്നു പ്രസക്തിയില്ലല്ലോ. 'ഞ' കാരം സൂത്ര ത്തിൽ നിർദ്ദേശിച്ചിരിക്കെ അതിന്നു് ഉദാഹരണമില്ലെന്ന ന്യൂനതയും വരുന്നു. അതുപോലെ പരിഭാഷയിലെ 'ചാൺതുകിൽ' എന്നതു 'ചാൺമുകിൽ' എന്നായിരിക്കണം. സൂത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്ന 'മ' കാരത്തിന്നു മൂലത്തിലാകട്ടെ പരിഭാഷയിലാകട്ടെ ഉദാഹരണമില്ലെ ന്നു വരുന്നതും ഒരു ന്യൂനതയാണല്ലോ.

പരിഭാഷ, ഭാഗം 36.

"ദീൎഘാണ്ണോണേ ലോപഃ" എന്ന സൂത്രത്തിൻെറ വൃത്തിയിൽ "'ളോണോ നേ' എന്ന സൂത്രത്താൽ 'ള' കാരത്തിനല്ലാതെ 'ഴ' കാര ത്തിന്നു്—" ഇത്യാദി പരിഭാഷ മൂലാനുസാരിയല്ല. ഇതിനെപ്പററി കാവ്യജീവിതവൃത്തിയുടെ ഉപോദ്ഘാതം 187, 188 എന്നീ ഭാഗങ്ങ ളിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക.

മൂലം, ഭാഗം 24. പരിഭാഷ, ഭാഗം 35.

"കചില്ലോപഃ" എന്ന സൂത്രത്തിൻെറ വൃത്തിയിൽ മൂല ത്തിലും പരിഭാഷയിലും 'കുരുപ്പൂവില്ലൻ' എന്ന ഉദാഹരണപാഠം സാധു വല്ല. സാധുപാഠം 'കരിപ്പൂവില്ലൻ' എന്നായിരിക്കണം. കരിമ്പു + വില്ലൻ എന്നിരിക്കുമ്പോൾ പ്രകൃതസൂത്രപ്രകാരം 'മ' കാരം ലോപിച്ചു 'കരിപ്പുവില്ലൻ' എന്നാകുന്നതാണു്.

മൂലം, ഭാഗം 24. പരിഭാഷ, ഭാഗം 36.

"ഹ്രസ്വാല്ലളനണാനാം ദ്വിത്വം" എന്ന സൂത്രത്തിൻെറ വൃ ത്തിയിൽ മൂലത്തിലും പരിഭാഷയിലും 'മുള്ളുനൻറു' എന്നതിന്നു ശേഷം

'കണ്ണുനൻറു' എന്നൊരു ഉദാഹരണംക്രുടി വേണ്ടതാണ്. അപ്രകാരം ഇവിടത്തെ പ്രതിയിൽ കാണുന്നുണ്ട്. അതില്ലാത്തപക്ഷം 'ണ' കാരത്തിന്നു ഉദാഹരണമില്ലെന്നു ന്യൂനതയ്ക്കിടയുണ്ട്.

പ്രത്യുദാഹരണപ്രസ്താവത്തിലെ 'പൊന്നിറം' എന്നതും അപപാഠമാണ്. 'പാൽനിറം' എന്നോ മറേറാ ആയിരിക്കണം അതു്. അല്ലെങ്കിൽ അതെങ്ങിനെ പ്രത്യുദാഹരണമാവും?

നാലാം ശില്പം.

മൂലം, ഭാഗം 27. പരിഭാഷ, ഭാഗം 39.

"മകളിയമിതമാളും—" എന്ന മൂലത്തിലേയും പരിഭാഷയിലേയും പദ്യങ്ങളിൽ "മകളരിലിതമാളും" എന്നുവേണം. 'മകളിയം' എന്നതു അപപാഠമാണ്. അതിന്നു അവിടെ അൎത്ഥമില്ല. ക്രുടാതെ മൂന്നാംപാദത്തിലെ മുകളിൽ എന്നതിലും യുക്തതരമായപാഠം "മുകിഴിൽ" എന്നാണെന്നു തോന്നുന്നു. മുകിഴിൽ=മുകുളത്തിൽ എന്നൎത്ഥം.

"മുകൈനനൈ, കലികൈ, മുകിഴ് ചിനൈ കോരകം
നകൈയൊടു കന്നികൈ, പോകിൽ, മൊട്ടേ."

എന്ന "ചേന്തൻതിവാകര"മെന്ന നിഘണ്ടു നോക്കുക. ഇങ്ങിനെയിരിക്കെ അച്ചടിപ്പുസ്തകത്തിലെ പ്രകൃതസന്ദൎഭത്തിൽ മൂലത്തിലും പരിഭാഷയിലും അനുവദിച്ചിരിക്കുന്ന,

"മുകനൈ കലികൈ, മുകുഠംചിനൈ കോരനകൈ കണികൈ
പോകിലരിമ്പുമൊട്ടെ" എന്ന പംക്തി അപപാഠജടിലമാണെന്നുള്ളതു സ്പഷ്ടമാണല്ലോ. അതുപോലെ,

"വിത്തുരുമംതുകിൽ പേയരത്തമോത്തവിറവാളന്തുവരിവൈപവഴം"
എന്ന നിഘണ്ടുഭാഗവും അശുദ്ധമാകുന്നു.

"വിത്തുരുമംതുകിർതുപ്പോടരത്ത—
മൊത്തപിരവാളം തുവരി പവഴം."

എന്നാണ് സാധുപാഠം. ഇതും "ചേന്തൻതിവാകര"ത്തിലേതാകുന്നു.

മൂലം, ഭാഗം 27.

"പാട്ടിൽ പുനൎവ്വികാരസ്സ്യാൽ" എന്ന മൂലത്തിലെ 'പാട്ടിൽ' എന്നതും അപപാഠമാകുന്നു. 'പാട്ടിത്യത്ര' എന്നോ മറേറാ ആയിരി

ക്കണം സാധുപാഠം. മലയാളവിഭക്തിപ്രത്യയം സംസ്കൃതവാക്യത്തിൽ പ്രയോഗിക്കുക യുക്തമല്ലെന്നു മുമ്പുതന്നെ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

പരിഭാഷ, ഭാഗം 42.

"'മററാൻറും തോന്നിടാ—' 'ഹർഷാശ്രുതാമുപഗതാ വരികിൻറവന്നു' എന്നു മുതലായവയിൽ 'തോന്നിയില്ല' 'വരുന്നവന്നു' എന്ന ൎത്ഥത്തിൽ പ്രയോഗിച്ച 'തോന്നിടാ', 'വരികിൻറവന്നു' മുതലായതും" എന്നീ വിവരണരൂപമായ പരിഭാഷാവാക്യത്തിലെ 'തോന്നിയില്ല', 'വരുന്നവന്നു' എന്നതിന്നു പകരം 'തോന്നാ', 'വരിൻറവന്നു' എന്നായിരുന്നു വേണ്ടതു്. പരിഭാഷ പ്രകൃതാനുസാരിയാവണമെങ്കിൽ അങ്ങിനെവേണം. കുറയുക കൂടുക എന്നീ രണ്ടുവിധം അപശബ്ദത്തിൽ രണ്ടാമത്തേതിന്നുള്ള ഉദാഹരണപ്രസ്താവമാണു് പ്രകൃതം. 'തോന്നിയില്ല' എന്നാണു് വേണ്ടതെങ്കിൽ 'തോന്നിടാ' എന്നതിൽ അക്ഷരാധിക്യകൃതമായ അപശബ്ദതാദോഷം വരുന്നതല്ലല്ലോ. 'വരിൻറവന്നു' എന്നേ വേണ്ടു. 'വരികിൻറവന്നു' എന്നതിലെ 'കി' അധികമാണെന്നാണു് ആചാൎയ്യൻെറ അഭിപ്രായം. അല്ലാതെ, 'വരുന്നവന്നു' എന്നായിരിക്കണമെന്നല്ല. ഇന്നത്തെ 'വരുന്ന' എന്നതിൻെറ പ്രാചീനരൂപം 'വരിൻറ' എന്നാണു് 'വരികിൻറ' എന്നല്ല എന്ന സംഗതിയും ഓൎമ്മിക്കേണ്ടതാണു്.

പാദടിപ്പുണിയിലെ 'പോകിൻറവന്നു' എന്ന പദ്യത്തിൻെറ മൂന്നാംപാദത്തിൽ "മദനാതുരാവോ" എന്നതിന്നു പകരം 'മദനാതുരാൻവോ' എന്നായിരുന്നാലേ അൎത്ഥം യുക്തമാകയുള്ളു.

മൂലം, ഭാഗം 32. പരിഭാഷ, ഭാഗം 46.

"കമലമലരിലൂറും—" എന്ന പദ്യത്തിലെ, 'നയ്തൽ' എന്ന പദം അശുദ്ധമാണു്. 'നെയ്തൽ' എന്നതാണു് ശുദ്ധം. നെയ്തൽ= വെളുത്ത ആമ്പൽ. ചെൻറുതാൻ എന്നതിലെ 'ന' കാരം തമിഴുമുറ പ്രകാരം ലോപിച്ചിരിക്കുന്നു. "താൻ നെയ്തൽ" എന്നാക്കിയാലും വൃത്തത്തിന്നു ഭംഗം നേരിടുന്നതുമല്ല. മൂന്നാംപാദത്തിൽ "കണ്ടുപോൽ പുണ്ഡരീകം" എന്നതും ശുദ്ധമല്ല. "പൊൽപ്പുണ്ഡരീകം" എന്നാണു് വേണ്ടതു്. 'പോൽ' എന്ന പദത്തിന്നു ആ പദ്യത്തിൽ അനന്വയ പ്രസക്തി കാണുന്നില്ല. പൊൽപ്പുണ്ഡരീകം=പൊൻതാമര—നല്ല താമര. പുണ്ഡരീകം വെള്ളത്താമരയാണെങ്കിലും വിശേഷണമാഹാ

ത്ത്യത്താൽ അതിന്ന് ഇവിടെ താമര എന്നേ അൎത്ഥവിവക്ഷയുള്ളൂ. "വിശിഷ്ടവാചകാനാം പദാനാം സതി പൃഥക് വിശേഷണസമവധാനേ വിശേഷ്യമാത്രപരത്വം" എന്ന ന്യായം കാണ്ക.

"എണ്ണിക്കൊൾവാനരിയ—" എന്ന പദ്യത്തിലെ രണ്ടാംപാദത്തിൽ "മറുവില്ലാത താരാമണാളഃ" എന്ന് ഇവിടെയുള്ള ഗ്രന്ഥത്തിലെ പാഠമാണ് യുക്തതരം. അച്ചടിച്ച പുസ്തകത്തിൽ കാണുന്ന പ്രകാരം 'മറവില്ലാത' എന്നതല്ല. മൂന്നാമത്തെ പാദത്തിലാകട്ടെ "മാററാരെന്നും കുഴമിയപതംഗാനലോഭ്രൽ" എന്നതിലെ 'കുഴമിയ' എന്നതു് അപപാഠമാണ്. ആ പദത്തിന്ന് അൎത്ഥമില്ല. 'കുഴമിയ' എന്ന പാഠമാണ് സാധു. കുഴമിയ=കൂട്ടംചേൎന്ന.

മൂലം ഭാഗം 33. പരിഭാഷ, ഭാഗം 47.

"ശ്ലോകഃ കിം വേർമരുന്നോ—" എന്ന പദ്യത്തിലെ 'പ്രേത' 'പേത'യായിരിക്കണം. പേത=മുഗ്ദ്ധ.

മൂലം, ഭാഗം 34. പരിഭാഷ, ഭാഗം 48.

"ദൃഷ്ട്വാ താനന്യനാരീം—" എന്ന ശ്ലോകത്തിലെ മൂന്നാംപാദത്തിൽ 'അരിയതൊഴകിലും' എന്നു കാണുന്നതു് അബദ്ധമാണ്. 'ഒഴികിലും' എന്നായാലേ അൎത്ഥം യോജിക്കൂ.

മൂലം, ഭാഗം 34. പരിഭാഷ, ഭാഗം 49.

"അൽകൽത്തേർ—" എന്ന പദ്യത്തിലെ 'അൽകൽ' അശുദ്ധമാണ്. "അല്കുൽ" എന്നാണ് ശുദ്ധപാഠം. അല്കുൽ=നിതംബം.

മൂലം, ഭാഗം 35. പരിഭാഷ, ഭാഗം 49.

"ആരാഞ്ഞുകൊണ്ടഴകുതേ" എന്ന പദത്തിൽ 'അഴകുതേ' എന്നതു അശുദ്ധമാണ്. ശുദ്ധപാഠം 'അഴ്കുതേ' എന്നോ 'അഴലുതേ' എന്നോ ആയിരിക്കണം. അഴകുതേ എന്നായാൽ അൎത്ഥം ഘടിക്കയില്ല.

മൂലം, ഭാഗം 37. പരിഭാഷ, ഭാഗം 52.

"തതോയമൊളിശബ്ദോ നീപ്രപ്രതീക്ഷതാമഭിവ്യനക്തീത്യനുചിതാൎത്ഥത്വം" എന്ന വാക്യത്തിലെ "നീപ്രപ്രതിക്ഷതാം" എന്നതു് അപപാഠമാകുന്നു. സാധുപാഠം "നീചപ്രതീക്ഷതാം" എന്നായിര

ക്കണം. നീചാ പ്രതീക്ഷാ യസ്യ സഃ=നീചപ്രതീക്ഷഃ, തസ്യ ഭാവഃ=നീചപ്രതീക്ഷതാ എന്ന വിഗ്രഹം. നീചമായ മനോഗതിയെ വ്യഞ്ജിപ്പിക്കുകയാൽ അനുചിതാൎത്ഥത്വമെന്ന കാവ്യദോഷമെന്നു വാക്യാൎത്ഥം. ഈ സ്ഥിതിക്കു ശ്രീമാൻ പിഷാരോടിയുടെ ആദ്യത്തെപ്പതിപ്പിൽ "നീപ്രപ്രതീക്ഷതയെ—" എന്നും രണ്ടാമത്തെ പ്പതിപ്പിൽ "കഴക്കോൽത്തോടി നോക്കുന്നതിനെ" എന്നും പ്രകൃതപദത്തെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു് അബദ്ധമാണെന്നതു സ്പഷ്ടമാണല്ലോ.

"ഉചയബലികൊടുത്തും" എന്ന പദ്യത്തിലെ 'ഉചയബലി' എന്നതിന്നു് 'ഉപയബലി' എന്നും 'നീലപേത്ത്രും' എന്നതിന്നു 'നീലവേത്ത്രും' എന്നും 'തീക്ക്രുതെൻറ' എന്നതിന്നു 'നില്ക്കുത്രുതെൻറ' എന്നും ആയിരിക്കണം സാധുപാഠം. അല്ലാത്തപക്ഷം അൎത്ഥം ഘടിക്കുവാൻ പ്രയാസം.

മൂലം, ഭാഗം 38. പരിഭാഷ, ഭാഗം 53.

"എന്തുചെയ്യതു വയസ്യപിന്നെ ഞാൻ ഇത്യാദൌ പിന്നെ ഇതി വാക്യാലങ്കാരഃ തതോ ന വൈയൎത്ഥ്യം" എന്ന വാക്യത്തിന്നുശേഷം നിബന്ധിച്ചിരിക്കുന്ന "ദോഷോദാഹരണേഷു ഗുണോപ്യസ്തി" എന്ന വാക്യം "ഏവം, ആർ പോൽ, മുഴത്തുതോതാൻ, ഉദിച്ചിതല്ലോ, ഇത്യാദിഷു പോലാദയഃ" എന്ന വാക്യത്തിന്നു പിന്നീടും "ദ്വിവ്വചനേഷു പുനരുക്തം ഗുണഃ" എന്നതിന്നു മുമ്പിലുമായിട്ടാണു് വരേണ്ടതു്. "ദോഷോദാഹര—" ഇത്യാദി വാക്യത്തിൻെറ വിവരണമാണു്, "ദ്വിവ്വചനേഷു—" എന്നു തുടങ്ങുന്ന വാക്യം. അച്ചടിച്ചപ്രകാരമാണെങ്കിൽ "ആർപോൽ, മുഴത്തുതോതാൻ" ഇത്യാദിയിലെ 'പോൽ' മുതലായ വാക്യാലങ്കാരം ഗുണമാണെന്നാണു് സിദ്ധിക്കുക. അതു ഗുണവും ദോഷവുമല്ലെന്നാണല്ലോ ആചാൎയ്യൻെറ അഭിപ്രായം. ഈ അശുദ്ധി പരിഭാഷയേയും ബാധിച്ചിരിക്കുന്നു. 'ഉദിച്ചിതല്ലോ' എന്ന പാഠവും ശുദ്ധമല്ല. 'മുഴത്തുതോതാൻ', 'ഉദിച്ചുതല്ലോ' എന്നുവേണം. അതാണു് പ്രാചീനരൂപം.

"എന്നേ വാമത്വമെന്നേ—" എന്ന പദ്യത്തിലെ രണ്ടാം പാദത്തിലെ "വിധിയെന്തിന്നു മെന്നോദരാസ്ഥാ" എന്ന ഭാഗം "വിധിയന്നിന്നു മെന്നേ ദരാസ്ഥാ" എന്നിങ്ങിനെയാണു് ഇവിടത്തെ പകൎപ്പിൽ കാണുന്നതു്. "വിധിയന്നിന്നു മെന്നേ ദരാസ്ഥഃ" എന്നായിരിക്കണം സാധുപാഠം. അല്ലാത്തപക്ഷം അൎത്ഥം ശരിയാകയില്ല.

മൂലം, ഭാഗം 38.   പരിഭാഷ, ഭാഗം 54.

"പൊന്നിന്മാലയണിഞ്ഞ—" എന്ന പദ്യത്തിന്റെ അവസാനത്തിലുള്ള 'തൃക്കാരിയൂരണ്ണരേ' എന്ന പാഠം അശുദ്ധമാണ്. "തൃക്കാരിയൂരണ്ണലേ" എന്നു വേണം. അണ്ണൽ=ദേവൻ. ഇവിടത്തെ ലൈബ്രറിപ്പകർപ്പിൽ കാണുന്ന പാഠം 'അണ്ണലേ' എന്നു തന്നെയാണ്.

മൂലം, ഭാഗം 39.   പരിഭാഷ, ഭാഗം 53, 54.

"അസ്മാനമ്പിശക്രുടലിട്ടവൾ തയക്കേതും—" എന്നപദ്യത്തിൽ 'തയക്ക്' എന്നതു് അശുദ്ധമാകുന്നു. 'തുയക്ക്' എന്നുവേണം; വൈക്ലബ്യം—ദൈന്യം എന്നൎത്ഥം.

മൂലം, ഭാഗം 40.   പരിഭാഷ, ഭാഗം 55.

"മാത്രാവതീതിലകമേ—" എന്ന പദ്യത്തിലെ മൂന്നാംപാദത്തിൽ "അന്നനു കണ്ടുവരും" എന്ന പാഠം യുക്തമല്ല. "അന്നന്നു കണ്ടുവരും" എന്നായിരിക്കണം സാധുപാഠം. അല്ലെങ്കിൽ അൎത്ഥം ഘടിക്കയില്ല.

മൂലം, ഭാഗം 41.   പരിഭാഷ, ഭാഗം 56.

"ഗണികാച പരസ്ത്രീച—" എന്ന കാരികയിലെ നാലാം പാദത്തിൽ "ന രമ്യാ ന വിരാഗിണീ" എന്ന ഭാഗം അബദ്ധമാണ്. "ന രമ്യാച വിരാഗിണീ" എന്നു വേണം. അങ്ങിനെതന്നെയാണ് ഇവിടത്തെ പകൎപ്പിലുള്ളതു്. അല്ലെങ്കിൽ അൎത്ഥം ശരിയാകയില്ല. അതു കൊണ്ടുതന്നെയായിരിക്കാം പരിഭാഷയിൽ ആ കാരികമാത്രം പരിഭാഷപ്പെടുത്താതെ അങ്ങിനെതന്നെ എടുത്തു ചേൎത്തിരിക്കുന്നതു്.

മൂലം, ഭാഗം 42.   പരിഭാഷ, ഭാഗം 57.

"കിഞ്ച സൂക്തിഷു—" എന്ന കാരികയും അപ്രകാരം 'അതിനാൽ' എന്നും 'എന്നു ചുരുക്കം' എന്നുമുള്ള പൊടിപ്പും തൊങ്ങലും ഒന്നും ക്രൂടാതെ തന്നെ അതിന്റെ പരിഭാഷയും "തസ്മാൽ വേശ്യായാഃ ന സ്നേഹ ഇതിയുക്തം" "അതിനാൽ വേശ്യയ്ക്കു സ്നേഹമുണ്ടാവില്ലെന്നു പറയുന്നതു് ശരിയല്ല" എന്നീവാക്യങ്ങൾക്കു ശേഷമാണ് യഥാക്രമം മൂലത്തിലും പരിഭാഷയിലു ചേൎക്കേണ്ടതു്. അതാണ് ലൈബ്രറിപ്പകൎപ്പിലെ രീതി. അതു യുക്തതരവുമാണ്.

അഞ്ചാം ശില്പം.

മൂലം, ഭാഗം 44. പരിഭാഷ, ഭാഗം 60.

"തർഹി തദഭാവോ ഗുണ ഇതി കോത്ര ഗുണസ്സ്യാൽ" എന്ന വാക്യത്തിന്റെ മുമ്പിലായി, "യദി സുശബ്ദാഃ" എന്ന് ഇവിടത്തെ ഗ്രന്ഥത്തിൽ കാണുന്നുണ്ട്. അതു് ആവശ്യകവുമാണ്. അല്ലാത്തപക്ഷം, 'തർഹി' എന്നതു് അനന്വിതമായ്പ്പോകും. അതിലേക്കായി "ഉണ്ട് എന്നു പറകയാണെങ്കിൽ" എന്നിങ്ങിനെ പരിഭാഷയിൽ കൂട്ടിച്ചേർത്തിരിക്കുന്നതും പൎയ്യാപ്തമല്ല. "സുശബ്ദമെന്നു പറകയാണെങ്കിൽ" എന്നുതന്നെവേണം. എന്നാലേ അൎത്ഥം വ്യക്തമാവൂ.

ആറാം ശില്പം.

മൂലം, ഭാഗം 47.

"തത്ര സദൃശാക്ഷര—" എന്ന സൂത്രത്തിന്റെ വൃത്തിയിൽ "സ്വരാസ്തു സദൃശാഭവന്തു" എന്ന സ്ഥാനത്തു "സ്വരാസ്തു സദൃശാവാ വിസദൃശാവാ ഭവന്തു" എന്നാണ് ഇവിടത്തെ പ്പകൎപ്പിൽ കാണുന്നതു്. അതാണ് യുക്തവും.

മൂലം, ഭാഗം 48.

'പദാദൌച' എന്ന സൂത്രത്തിലും 'പദാദിവൎണ്ണസാമ്യേ' എന്ന വൃത്തിയിലും പദശബ്ദം അബദ്ധമാണ്. പാദശബ്ദമാണ് വേണ്ടതു്. രണ്ടുപതിപ്പിലേയും മൂലഭാഗത്തിലുള്ള "ചില്ലീലതാ—" എന്ന ശ്ലോകത്തിലെ കുചപുണ്ഡരീകത്തെ മുഖപുണ്ഡരീകമായി മാററിയിരിക്കുന്നതു അച്ചടിപ്പിശാചായിരിക്കാം.

ഏഴാം ശില്പം.

മൂലം, ഭാഗം 49. പരിഭാഷ, ഭാഗം 68.

"സാദൃശ്യമുപമാ" എന്ന സൂത്രത്തിന്റെ വൃത്തിയിൽ "തേഷാം സാജാത്യാവിനാഭാവസാമാനാധികരണ്യാദി സംബന്ധശാലിത്വാൽ" എന്ന ഹേതുവാക്യം "തേഷാമവിനാഭാവസാജാത്യസാമാനാധികരണ്യാദി സംബന്ധശാലിത്വാൽ" എന്നായാലേ യുക്തമാകൂ. ഇതുപോലെ പരിഭാഷയിലും "അവിനാഭാവം, സാജാത്യം, സാമാനാധികരണ്യം മുതലായവയാണ്" എന്നാണ് വേണ്ടതു്. സാജാത്യത്തെ മുമ്പിൽ

നിർദ്ദേശിച്ചിരിക്കുന്നതു യുക്തമല്ല. അങ്ങിനെയാണെങ്കിൽ കാര്യകാരണങ്ങൾക്കുള്ള സംബന്ധം സാജാത്യമാണെന്നു തോന്നിപ്പോകും.

മൂലം, ഭാഗം 50.

"തതോന്യത്ര കുത്രചിദവർത്തനാൽ" എന്നിടത്തു "കുത്രചിദപ്യവർത്തനാൽ" എന്നാണ് ലൈബ്രറിപ്പകർപ്പിലെ പാഠം. അതാണ് യുക്തതരം.

മൂലം, ഭാഗം 52.

"രുധിരേണാധരോപമാ പ്രദൃശ്യതേ" എന്നിങ്ങിനെ രണ്ടുപതിപ്പിലേയും മൂലത്തിൽ 'പ്രദൃശ്യതേ' എന്നാണ് കാണുന്നതു്. ഇവിടത്തെ പ്പകർപ്പിലേ പാഠം 'ച ദൃശ്യതേ' എന്നാണ്. അതാണ് സുഗമം.

മൂലത്തിലും പരിഭാഷയിലും കാണുന്ന "ആട്ടമൈത്തോളിൽ ക്കുടലുമണക്കൈ" എന്ന പാഠം ശുദ്ധമല്ല. "ആടമൈത്തോളിൽ ക്കുടലുമണങ്കേ" എന്നാണ് വേണ്ടതു്. ഇതു് "യാപ്പരുങ്കലകാരികൈ" മുതലായ തമിഴ് നൂലുകളിൽ ഉദാഹരിച്ചിട്ടുള്ളതാകുന്നു. ആടുന്ന ആണ്ടാൻമുളപോലുള്ള തോളിലെ കടകവും ദുഃഖജനകമായിരിക്കുന്നു എന്നൎത്ഥം.

മൂലം, ഭാഗം 54. പരിഭാഷ, ഭാഗം 73.

സംശയാലങ്കാരപ്രത്യുദാഹരണമായ "താരാനോ—" എന്ന പദ്യത്തിൽ രണ്ടാംപാദത്തിലെ "നന്നോ ചുരുങ്ങീങ്കിലോ" എന്നതു "നന്നേ ചുരുങ്ങീങ്കിലോ" എന്നായിരിക്കാം. എന്നാലേ അൎത്ഥം സുഗമമാവൂ.

മൂലം, ഭാഗം 54. പരിഭാഷ, ഭാഗം 74.

"കുരളരുളുപറഞ്ഞോർ" എന്ന ഭ്രാന്ത്യുദാഹരണത്തിൽ ഇവിടത്തെ ഗ്രന്ഥത്തിലെ പാഠം 'കുരളയുളർ പറഞ്ഞോർ' എന്നാണ്. ഇതുതന്നെയാണ് യുക്തം. അസത്യവചനം എന്ന അൎത്ഥത്തിൽ 'കുരള' എന്നാണ് പദം; 'കുരൾ' എന്നല്ല. 'കുരളയുളർ' അസത്യവാക്കുള്ളവർ. "ഇതു്, ചാലവും കോപതാമ്രം കൃതമൌനം അച്ചീസുതായാ മുഖം (എന്നു) പറഞ്ഞോർ കുരുളയുളർ" എന്നു അന്വയം. ശ്രീമാൻ പിഷാരോടിയുടെ പാഠത്തിൽ അന്വയത്തിന്നും അൎത്ഥത്തിന്നും വളരെ ക്ലേശിക്കേണ്ടിയിരിക്കുന്നു.

മൂലം, ഭാഗം 56, 57. പരിഭാഷ, ഭാഗം 77.

ദൃഷ്ടാന്തോദാഹരണമായ "രാഗാങ്കുരോ ഹൃദയമേ" എന്ന ശ്ലോകത്തിലെ നാലാംപാദത്തിൽ 'വിളയുമോ' എന്നതിന്നു പകരം 'വിരിയുമോ' എന്ന പാഠമാണു് യുക്തതരം. അല്ലാത്തപക്ഷം ഉൽപത്തിക്കും വിളയലിന്നും അത്ഥൈക്യപ്രതീതിയുള്ളതിനാൽ ദൃഷ്ടാന്തം ക്ലിഷ്ടമായിത്തീരും. "ഉൽപത്തേൎവ്വിരുയുമോ" എന്ന വൃത്തിയിലെ നിർദ്ദേശം ശരിയായ പാഠം 'വിരിയുമോ' എന്നുതന്നെയാണെന്നു തെളിയിക്കയും ചെയ്യുന്നു.

മൂലം, ഭാഗം 56, പരിഭാഷ, ഭാഗം 78.

ദൃഷ്ടാന്തപ്രകരണത്തിലെ "തഹി സാധാരണധമ്മാണാം ദ്വിരുക്തിന്നസ്യാൽ ശബ്ദതോത്ഥതശ്ചഭേദാൽ" എന്ന മൂലപംക്തിയുടെ ഭാഷ നന്നായിട്ടില്ലെന്നുള്ളതിരിക്കട്ടെ "പ്രകൃതാത്ഥപ്രതിയോഗിതയാ കഥിതഃ അപ്രകൃതാത്ഥഃ പ്രകൃതാത്ഥവൽ സ്യാൽ; തദാച്ച തദ്ഭവതി; അൎസ്തസ്യ പുനന്നിർദ്ദേശഃ." എന്ന മൂലഭാഗത്തിൻെറ "പ്രകൃതാത്ഥത്തിന്നു പകരമായ്പറയുന്ന അപ്രകൃതാത്ഥം പ്രകൃതാത്ഥസദൃശമല്ലാതെ അതുതന്നെയായിരിക്കയില്ല" എന്ന പരിഭാഷ അബദ്ധമാണെന്നു പറയണം. 'പ്രകൃതാത്ഥത്തിന്നു പകരം പറയുന്ന അപ്രകൃതാത്ഥം പ്രകൃതാത്ഥത്തിന്നു തുല്യഭാവം കൈക്കൊള്ളും. അതിന്നു തുല്യമായ അത്ഥത്തെ അതായി വിചാരിക്കാം. അതിനാൽ അതിന്നു—പ്രകൃതാത്ഥത്തിന്നു—പുനന്നിർദ്ദേശം—പുനരുക്തി സംഭവിക്കുന്നു' എന്നിപ്രകാരമായാലേ ശരിയാകൂ. എങ്കിലേ അതു മൂലാനുസാരിയും അത്ഥവത്തുമാകയുള്ളു.

മൂലം, ഭാഗം 57. പരിഭാഷ, ഭാഗം 78.

ഉൽപ്രേക്ഷാപ്രകരണത്തിൽ "അസത്യതാഞ്ച വിഷയഗതയോൎദ്ധമ്മയോർഗ്ഗുണക്രിയയോൎവ്വിഷയാസംഭവിതേന പ്രതീയതഇതി" എന്ന മൂലഭാഗവും, "വാസ്തവമല്ലെന്നു തോന്നുന്നതു വിഷയത്തിലെ ധമ്മങ്ങളായ ഗുണക്രിയകൾ വിഷയിയിൽ സംഭവിക്കാത്തതുകൊണ്ടാവണം" എന്ന പരിഭാഷാഭാഗവും അയുക്തമായിരിക്കുന്നു. മൂലത്തിൽ സവ്വഥാ അബദ്ധമായ 'വിഷയാസംഭവിതേന' എന്ന അംശം പരിഭാഷയിൽ "വിഷയിയിൽ സംഭവിക്കാത്തതുകൊണ്ടു്" എന്നിങ്ങിനെ ശരിപ്പെടുത്തീട്ടുണ്ടെന്നു മാത്രമേ മെച്ചമുള്ളു. എങ്കിലും പരിഭാഷ ആകെ

പ്പാടെ അബദ്ധംതന്നെയാണ്. വാസ്തവത്തിൽ വിഷയധൎമ്മം എപ്പോഴെങ്കിലും എവിടെയെങ്കിലും വിഷയിയിൽ വരുമോ? സ്തനനിഷ്ഠമായ സ്തനത്വം നളിനീമുകുളത്തിൽ സംഭാവ്യമാണോ? സാദൃശ്യം മതിയെങ്കിൽ ഉൽപ്രേക്ഷയിൽമാത്രമെന്താണ് വിശേഷം? ഉപമ, രൂപകം മുതലായ സാദൃശ്യമൂലകാലങ്കാരങ്ങളിലൊക്കയും അതു സാധാരണമാകയാൽ താദൃശകഥനം അവ്യാവൎത്തകവു മയുക്തവുമാണ്. അച്ചടിപ്പുസ്തകത്തിൽ പ്രസ്തുതവാക്യത്തിന്നു മുമ്പിൽ 'അസത്യതാ പ്രതിപത്തിശ്ച എന്നതിനെ ഒരു പ്രത്യേകവാക്യമായിപ്പിരിച്ചു് നിവേശിപ്പിച്ചിരിക്കുന്നതും ശരിയല്ല. അതു് 'അസത്യത്വഞ്ച—' എന്ന വാക്യത്തിൻെറ ഒരംശംതന്നെയാണ്. അല്ലെങ്കിൽ അതിലെ 'ഇതി' എന്നതു നിരന്വയമായ്പ്പോകും. അതിനാൽ, 'ഗുണക്രിയയോഃ അസംഭവിത്വേന അസത്യത്വം പ്രതീയതേ ഇതി അസത്യതാ പ്രതിപത്തിശ്ച' എന്നാണ് അന്വയിക്കേണ്ടതു്. 'അസത്യത്വഞ്ച' എന്നതിലെ 'ച' കാരം അനാവശ്യകമാണ്. അഥവാ വാക്യാലങ്കാരമാണെന്നു പറയാം. മൂലത്തിലെ 'വിഷയഗതയോഃ' എന്നതും അബദ്ധമാണ്. 'വിഷയിഗതയോഃ' എന്നുവേണം. അതുപോലെ 'വിഷയാസംഭവിത്വേന' എന്നതു 'വിഷയ്യസംഭവിത്വേന' എന്നുമായിരിക്കണം. ആകയാൽ, ശുദ്ധമായ മൂലപാഠം "അസത്യതാ പ്രതിപത്തിശ്ച അസത്യത്വം വിഷയിഗതയോ ൎദ്ധമ്മയോൎഗ്ഗുണക്രിയയോൎവ്വിഷയ്യസംഭവിത്വേന പ്രതീയത ഇതി" എന്നും പരിഭാഷ, "അസത്യത്വപ്രതീതിയാകട്ടെ, വിഷയിധൎമ്മങ്ങളായ—വിഷയിവിശേഷണങ്ങളായ—ഗുണക്രിയകൾ വിഷയിയിൽ സംഭവിക്കുന്നതല്ലായ്കകാൽ അസത്യങ്ങളാണെന്നു തോന്നുന്നതു കൊണ്ടുതന്നെയാണ്" എന്നുമായിരിക്കണം. "ഗുണക്രിയയോഃ" എന്നതിലെ ഗുണശബ്ദത്തിന്നു ക്രിയാഭിന്നമായ ധൎമ്മം എന്നൎത്ഥം. അതു ഗുണരൂപമോ ജാതിരൂപമോ ഉപാധിരൂപമോ ഏതുമാകാം.

പരിഭാഷ, ഭാഗം 78.

"ലാവണ്യനിൎമ്മല—" എന്ന ഉൽപ്രേക്ഷോദാഹരണപദ്യത്തിൻെറ വിവരണമായി ശ്രീമാൻ പിഷാരോടി എഴുതിച്ചേൎത്തിരിക്കുന്ന "നളിനത്തിൽ സ്തനത്വമില്ലാത്തതിനാൽ ആ അഭേദം വാസ്തവമല്ലെന്നു കൂടി തോന്നി" എന്നതു അവ്യാവൎത്തകമാകയാൽ അസംബദ്ധമാണെന്നതിന്നു സംശയമില്ലല്ലോ. വിഷയിഗതമായ ധൎമ്മങ്ങൾ—വിഷയിയിൽ

ഉള്ളതായി നിർദ്ദേശിച്ചിരിക്കുന്ന ധർമ്മങ്ങൾ—അതിൽ സംഭവിക്കാത്തതുകൊണ്ട്, അതായത് വിശേഷണവിശിഷ്ടമായ വിഷയി ലോകസിദ്ധമല്ലാത്തതുകൊണ്ട്, വിഷയി അസത്യമെന്നു തോന്നുമെന്നാണ് മൂലവാക്യത്തിന്റെ താൽപര്യം.

"ലാവണ്യനിർമ്മലജലോജ്വലപൊയ്കയിൽപ്പോ-
ന്നുന്നമ്രമാന നളിനദ്വയമെന്റപോലെ
ചേതോഹരാംഗി, നിതരാമയി കാന്തവല്ലി,
ശോഭാം ദധാതി തവ പോർമുലമൊട്ടിരണ്ടും."

എന്ന ഉദാഹരണശ്ലോകത്തിലെ നളിനദ്വയമായ വിഷയിക്കുള്ളതായി പറഞ്ഞിരിക്കുന്ന 'ലാവണ്യനിർമ്മലജലോജ്വലപൊയ്കയിൽ പൊങ്ങിനില്ക്കുക' എന്ന ധർമ്മം അതിന്നു സംഭവിക്കുന്നതല്ലായ്കയാൽ താദൃശധർമ്മവിശിഷ്ടമായ 'നളിനദ്വയം' അസത്യമാണെന്നു വരുന്നതുകൊണ്ട് അവിടത്തെ "പോലെ" ഉൽപ്രേക്ഷാവാചകവും അതിലെ അലങ്കാരം ഉൽപ്രേക്ഷയുമാണെന്നാണ് ആചാര്യന്റെ ആശയം.

മൂലം, ഭാഗം 61. പരിഭാഷ, ഭാഗം 83.

അസംഗത്യുദാഹരണമായ "എളിയോരുയിരാക്കും" എന്ന പദ്യത്തിലെ 'കയ്യമാക്കവെല്ലും' എന്നതിന്നു പകരം "അയ്യമാക്ക വല്ലും" എന്നായിരിക്കും ശരിയായപാഠമെന്നു തോന്നുന്നു. പിച്ചയെടുപ്പിക്കാൻ ശക്തയാകും എന്ന് അതിന്റെ അർത്ഥം. 'കയ്യമാക്കവെല്ലും" എന്നതിന്നു അർത്ഥം പറയുക പ്രയാസമാണ്.

മൂലം, ഭാഗം 61. പരിഭാഷ, ഭാഗം 84.

"ദണ്ഡാപൂപികയാർത്ഥാന്തരാപതനമർത്ഥാപത്തിഃ" എന്നതും "സമാധ്യാദയോപ്യവഗന്തവ്യാഃ" എന്നതും സൂത്രങ്ങളായി അച്ചടിച്ച പുസ്തകങ്ങളിൽ നിർദ്ദേശിച്ചുകാണുന്നതു യുക്തമല്ല. അവരണ്ടും "പരിസംഖ്യാദയശ്ച'' എന്ന സൂത്രത്തിന്റെ വൃത്തിയിലുള്ള വാക്യങ്ങൾ മാത്രമാണ്. "പരിസംഖ്യാദയശ്ച'' എന്ന സൂത്രംകൊണ്ടു പരിസംഖ്യാദികളായ മററലങ്കാരങ്ങൾ സ്വയം ദ്രഷ്ടവ്യങ്ങളാണെന്ന അഭിപ്രായത്തോടുകൂടി കേവലാലങ്കാരപ്രസ്താവം അവസാനിപ്പിച്ചശേഷം വീണ്ടും സമാധ്യാദ്യലങ്കാരലക്ഷണപ്രകാശനത്തിന്നായി സൂത്രം ചെയ്യുക എന്നതു് അയുക്തമാണല്ലോ. "ദണ്ഡാപൂപി—'', "സാമാധ്യാദ—'' എന്ന രണ്ടു വാക്യങ്ങളും സൂത്രങ്ങളായിട്ടല്ല ഇവിടെയുള്ള പകപ്പിൽ കാണുന്നതു്

വൃത്തിയിലെ വാക്യങ്ങളായിട്ടാണ്. വിശേഷിച്ച്, "ഏവം സമാദ്ധ്യാദയോപ്യവഗന്തവ്യാഃ" എന്നിങ്ങിനെ "സമാദ്ധ്യാദി—" എന്നതിന്നു മുമ്പിൽ 'ഏവം' എന്നുകൂടിയുണ്ട്. അതു യുക്തമാണതാനും.

മൂലം, ഭാഗം 62.

"ന ഖലു കേചിദന്യേ മണിപ്രവാളലക്ഷണകാരാഃ ഇതഃ പ്രാക് ദൃഷ്ടാഃ നാപിശ്രുതാഃ" എന്ന മൂലഭാഗത്തിൻെറ പരിഭാഷയായി കൊടുത്തിരിക്കുന്ന "വേറിട്ടൊരു മണിപ്രവാളലക്ഷണകാരനെയാകട്ടെ വ്യാഖ്യാതാക്കന്മാരെയാകട്ടെ ഇതിന്നുമുമ്പു കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല" എന്ന വാക്യം ശരിയല്ല. അതിലെ "വ്യാഖ്യാതാക്കന്മാരെയാകട്ടെ" എന്ന ഭാഗം നിർമ്മൂലമാണ്. മൂലത്തിൽ പറയാത്ത അംശത്തെ—മൂലകാരന്ന് അനഭിപ്രേതമായ അംശത്തെ—പരിഭാഷകൻ സ്വതന്ത്രമായി ചേൎത്തതു ക്ഷന്തവ്യമാണ്ടെന്നാന്നില്ല. പ്രത്യേകിച്ച് ആ അംശം മൂലകാരനും വൃത്തികാരനും രണ്ടാളാണെന്ന് അനുവാചകന്മാരെ തെററിദ്ധരിപ്പിക്കാവുന്നതാണല്ലോ.

"തഥാഭൂതസ്യ വ്രീളാനമ്രം ഭവത്യാഃ വദനം ഇത്യാദി ഭാഷാശ്ലോകസ്യ ദൎശനാദിതിചേൽ" എന്ന വാക്യത്തിന്നുശേഷം "താദൃശശ്ലോകോക്തേഃ കിന്നിബന്ധനം? അന്യഭാഷാശ്ലോകദൎശനാദിതിചേൽ" എന്ന ഭാഗം രണ്ടു പതിപ്പുകളിലേയും മൂലത്തിൽ വിട്ടുപോയിരിക്കുന്നു.

എട്ടാം ശില്പം.

മൂലം, ഭാഗം 65. പരിഭാഷ, ഭാഗം 89.

"ഉന്മാദം പെരുതുണരക്കം" എന്ന പദ്യത്തിലെ രണ്ടാംഭാഗത്തിൽ "തീണ്ടിനേടമലരും" എന്നു കാണുന്നതു ശരിയാണെന്നു തോന്നുന്നില്ല. "തീണ്ടിനേടമഴലും" എന്നിങ്ങിനെയാണ് ഇവിടത്തെ പകൎപ്പിൽ കാണുന്ന പാഠം. അതാണ് യുക്തം. തീണ്ടിയസ്ഥലം അസഹ്യവേദനമായ് ഭവിക്കും എന്നു അൎത്ഥം പറയാം. "തീണ്ടിനേടമലരും" എന്നതിന്ന് അൎത്ഥം വേണമെങ്കിൽ നന്നേ ക്ലേശിച്ചുണ്ടാക്കുകതന്നെ വേണം.

മൂലം, ഭാഗം 67. പരിഭാഷ, ഭാഗം 93.

"പരമുടനേ പരപൃതനാം" എന്ന ഭയാനകോദാഹരണത്തിൽ "പാണ്ഡ്യനൃപഃ" എന്നതിന്നു പകരം ഇവിടത്തെ പ്പകൎപ്പിൽ

19654.

കാണുന്നതു് "പാണ്ഡ്യയുവാ" എന്നാണ്. പ്രസ്തുതനിർദ്ദേശം വിക്രമപാണ്ഡ്യനെക്കുറിച്ചാണെന്ന വസ്തുത വൃത്തിഗ്രന്ഥംകൊണ്ടു വ്യക്തമാകുന്നുണ്ടു്. വിക്രമപാണ്ഡ്യനാകട്ടെ അന്നു രാജ്യഭാരംചെയ്തിരുന്ന പാണ്ഡ്യരാജാവിൻെറ അനുജനാണെന്നാണ് ചരിത്രപ്രസിദ്ധി. ആ സ്ഥിതിക്ക് 'പാണ്ഡ്യയുവാ' എന്ന പാഠമാണ് യുക്തമെന്നു പറയേണ്ടിയിരിക്കുന്നു.

മൂലം, ഭാഗം 68. പരിഭാഷ, ഭാഗം 92.

"ശോകസ്യ കരുണഃ" എന്ന സൂത്രത്തിൻെറ വൃത്തിയിൽ "പ്രകഷ ഇതിവർത്തതേ" എന്ന സ്ഥാനത്തു് ഇവിടത്തെ ഗ്രന്ഥത്തിലുള്ള പാഠം, "പൂർവ്വവദധികാരാദിഃ പ്രിയജനവിഭവനാശവധബന്ധാദിനാ ശോകസ്സംജായതേ" എന്നാണ്. അതു യുക്തംതന്നെയല്ലേ? മൂലത്തിലില്ലാത്ത സാധുപാഠം പരിഭാഷയിൽ കാണാൻ അവകാശമില്ലെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

കരുണരസോദാഹരണമായ "മരുണ്ട കണ്ണാൽ" എന്ന ശ്ലോകത്തിൽ "എനിക്കു മങ്ങക്കയി കുററമേ കാൺ" എന്നിങ്ങിനെ പതിപ്പിച്ചിരിക്കുന്നതു വലുതായ കുററംതന്നെയാണ്. "എനിക്കുമങ്ങേക്കയി ക്രൂററമേ കാൺ" എന്നാണ് വേണ്ടതു്. ക്രൂററം=കാലൻ, അങ്ങേക്ക്= ആസ്ഥലത്തേക്ക്.

"അനാദിനവവർണ്ണാഢ്യം" എന്നു തുടങ്ങുന്ന അവസാനപദ്യത്തിലെ "അനാദിനവ" എന്നതിന്നു അർത്ഥമില്ല. "അനാദീനവവർണ്ണാഢ്യം" എന്നാണ് വേണ്ടതു്. "ആദീനവാസ്രവൌ ക്ലേശേ" എന്ന് അമരം നോക്കുക. "അക്ലിഷ്ടവർണ്ണാഢ്യം" എന്ന് അർത്ഥം.

ഇങ്ങിനെ അപപാഠജടിലവും അശുദ്ധപ്രായവുമായിരിക്കുന്ന ലീലാതിലകം പ്രായേണ പണ്ഡിതന്മാർക്കുപോലും ദുർഗ്രഹമായി പരിണമിച്ചിരിക്കുന്നതിൽ ആശ്ചര്യ്യമെന്തുള്ളു? ശുദ്ധപാഠത്തോടും ഒരു വ്യാഖ്യാനത്തോടും കൂടി പ്രസ്തുതപുസ്തകത്തെ പരിഷ്കരിച്ചു പതിപ്പിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നുവെന്നു തീർച്ചയായും അഭിപ്രായപ്പെടാവുന്നതാണ്.

പി. കൃഷ്ണൻ നായർ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 Acc. No. 19654

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA2

19654

കൃഷ്ണൻനായർ. പി

ലീലാതിലകത്തിലെ അപപാഠങ്ങളും

അബദ്ധങ്ങളും